LIBRARY ARCHIVES Kerala Legislative Assembly

ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച സർക്കാർ ജീവനക്കാർക്കെതിരെ നടപടി

94(98) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജോലിക്കിടയിൽ പുകവലിക്കുകയോ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ ചെയ്തതിന്റെ പേരിൽ സർക്കാർ ജീവനക്കാരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) മേലധികാരി കർശന നടപടി എടുക്കാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ജോലിസമയത്ത് മദ്യപിച്ചെത്തിയതിന്റെ പേരിൽ പൊതുഭരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിനുകീഴിൽ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക ചെലവുകൾ

95 (99) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു: അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-3-2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

ഓഫീസ്	...	3,63,990 രൂപ
വസതി	...	1,59,882 രൂപ
മൊബൈൽ ഫോൺ	...	28, 522 രൂപ
	ആകെ	5,52,394 രൂപ

അതിഥി സൽക്കാരത്തിനായി 1,30,100 രൂപയും യാത്രാ ബത്ത ഇനത്തിൽ 5,10,672 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗികവസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 2015 ഫെബ്രുവരിവരെ ആകെ 11,43,861 രൂപ ചെലവായിട്ടുണ്ട്.

കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിലെ സ്ഫോടനം

96 (100) ശ്രീ. കെ. കുഞ്ഞാമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽവച്ച് സ്ഫോടകവസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്തതുമൂലം വൻ സ്ഫോടനമുണ്ടാവുകയും പരിസരത്തെ നിരവധി വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും നാശനഷ്ടം സംഭവിച്ചു എന്നുള്ള പരാതി ഉണ്ടായത് എപ്പോഴാണെന്നും ഇത് സംബന്ധിച്ച് ആരൊക്കെ പരാതി നൽകി എന്നും വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് റിപ്പോർട്ടിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് കൈമാറിയിരുന്നോ ; ഉണ്ടെങ്കിൽ എന്നാണ് കത്ത് കൈമാറിയതെന്നും എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടതെന്നും എന്നാണ് റിപ്പോർട്ട് ലഭിച്ചതെന്നും വ്യക്തമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;